പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 2890

22/06/2012 ൽ
മറുപടിക്ക്

## കലാമണ്ഡലത്തിന്റെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. ഡൊമനിക് പ്രസന്റേഷൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും, സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കലാമണ്ഡലത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കലാമണ്ഡലത്തിന്റെ പദ്ധതി പദ്ധതിയേതര ഗ്രാന്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള കലാമണ്ഡലത്തെ കേരളത്തിലെ രംഗകലകളുടെ ദേശീയ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുന്നതിനുള്ള സമ്മതപത്രം മാനവവിഭവശേഷി മന്ത്രാലയവും യു.ജി.സി.യും കേന്ദ്ര സാംസ്കാരിക വകുപ്പിന് കൈമാറി. കലാമണ്ഡലത്തിൽ പുരാരേഖാ വകുപ്പ് ആരംഭിക്കുന്നതിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മ്യൂസിയവുമായി നടപടി സ്വീകരിച്ചു. വിദേശരാഷ്ട്രങ്ങളുമായി സാംസ്കാരിക വിനിമയ പരിപാടി ആരംഭിക്കുന്നതിന്റെ ഭാഗമായി ചെക്ക് റിപ്പബ്ലിക്കുമായി കരട് ധാരണാപത്രം കൈമാറി. ദുബായ് ഫെസ്റ്റിവലിൽ കേരളത്തെ പ്രതിനിധീകരിച്ച് കലാമണ്ഡലത്തെ പങ്കെടുപ്പിച്ചു. 2012 മാർച്ച് മാസം മുതൽ സർക്കാർ ഉത്തരവിൽ ഉൾപ്പെട്ട അധ്യാപകർക്ക് യു.ജി.സി. നിരക്കിലുള്ള ശമ്പളം നല്കി തുടങ്ങി. |
| (ബി) കലാമണ്ഡലത്തിലെ ഭൗതിക വികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; | (ബി) കലാമണ്ഡലത്തിന്റെ ഭൗതിക വികസനത്തിന് പുതുക്കിയ 10 കളരികൾ നിർമ്മിക്കുന്നതിന് ആരംഭം കുറിച്ചു. കലാമണ്ഡലത്തിന്റെ ഭൗതിക വികസനത്തിനുതകുന്ന അടിസ്ഥാന നിർമ്മാണ പ്രവർത്തികൾ പൂർത്തീകരിക്കുന്നതിന് അധിക വിഭവം അനുവദിച്ചു. |
| (സി) കലാമണ്ഡലത്തിന് യു.ജി.സി. യുടെ വിശേഷാൽ പദവി ലഭിച്ചിട്ടുണ്ടോ; ആയതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ് ? | (സി) യു.ജി.സി.യുടെ 12-ബി സ്റ്റാറ്റസ് കലാമണ്ഡലത്തിനു അനുവദിച്ചതുമൂലം സർവ്വ കലാശാലയുടെ അക്കാദമിക് ആവശ്യങ്ങൾക്ക് യു.ജി.സി.യുടെ ധനസഹായം നേരിട്ട് ലഭിക്കും. |

സെക്ഷൻ ഓഫീസർ